കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് 2011-12 - സ്കൂൾ തലത്തിൽ ആരോഗ്യവൽക്കരണത്തിന് റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കി തുക വിനിയോഗിച്ചതിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).3272/14/തസ്വഭവ തീയതി, തിരുവനന്തപുരം, 10.12.2014

==========================================================================

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 28.08.2014 ലെ 16399/ഡിപി4/14/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2011-12 വാർഷിക പദ്ധതിയിലെ എസ്.ഒ.-030/2012 നമ്പർ പ്രോജക്ടായി റോഡ് ഇതര മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി പൊതുജനാരോഗ്യ പരിപാടികൾ എന്ന പേരിൽ 1,09,708/- രൂപ അടങ്കലിൽ സ്കൂൾ തലത്തിൽ കുട്ടികളുടെ ആരോഗ്യവൽക്കരണത്തിനായി തയ്യാറാക്കിയ കുളക്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കി, ജില്ലാ ആസൂത്രണ സമിതി അംഗീകരിക്കുകയും 2011-12 ൽ 92,000/- രൂപ ചെലവഴിക്കുകയും ചെയ്ത പ്രോജക്ടിന് 2011-12 ലെ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ ലോക്കൽ ഫണ്ട് ആഡിറ്റ് നടന്നപ്പോൾ ഫയൽ പരിശോധിച്ച ആഡിറ്റ് ടീം ആരോഗ്യ രംഗത്ത് ആശുപത്രിയിൽ മരുന്നുവാങ്ങുന്നതിനുമാത്രമേ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കാവൂ എന്നും ആരോഗ്യബോധവൽക്കരണ ക്യാമ്പുകൾക്ക് ഈ തുക വിനിയോഗിക്കാൻ കഴിയില്ലെന്നും ചൂണ്ടിക്കാട്ടി 92,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തിയിരിക്കുകയാണെന്ന് പരാമർശപ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിനിയോഗിച്ച ഫണ്ടിന്റെ സ്രോതസ്സിനെക്കുറിച്ചല്ലാതെ വിനിയോഗ രീതിയെക്കുറിച്ചോ, ചെലവിനങ്ങളെ കുറിച്ചോ ആഡിറ്റ് ടീം യാതൊരു എതിർ പരാമർശവും നടത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 92,000/- രൂപ വിനിയോഗിച്ച് വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ സ്കൂൾ തലത്തിൽ ആരോഗ്യ ബോധവത്ക്കരണം എന്ന പദ്ധതിക്ക് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശ പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 92,000/- രൂപ വിനിയോഗിച്ച് വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ സ്കൂൾ തലത്തിൽ ആരോഗ്യ ബോധവത്ക്കരണം എന്ന പദ്ധതിക്ക് (എസ്.ഒ.030/2012) സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഡോ.രാജൻ ഖോബ്രാഗഡെ ഐ.എ.എസ്.,
സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. സെക്രട്ടറി/പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്, വെട്ടിക്കവല, കൊല്ലം-691 538.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം